

കുഞ്ഞാറ്റകൾ
Kerala Infrastructure and Technology for Education
Presents

സെന്റ്. ജോർജ്ജ് ഹൈ സ്കൂൾ,ഇടപ്പള്ളി

# ലിറ്റിൽ കൈറ്റ്സ്

അവതരിപ്പിക്കുന്ന

# കുഞ്ഞാറ്റകൾ

ഡിജിറ്റൽ മാഗസിൻ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS



കുഞ്ഞാറ്റകൾ 2018 - 19
എഡിറ്റോറിയൽ ബോർഡ്
പി. ജെ. ബെന്നി(ഹെഡ് മാസ്റ്റർ)
സി.ആൽഫി എസ്.എ.ബി.എസ്(വിദ്യാരംഗം ഭാരവാഹി)
സ്മിത അബ്രഹാം
ഡാലിയ ജോസഫ്(കൈറ്റ് മിസ്ട്രസ്)
സിമി ജോയ്(കൈറ്റ് മിസ്ട്രസ്)
ഹനാൻ ഹംസ(ലിറ്റിൽ കൈറ്റ്)
മുഹമ്മദ് ജവാദ്.ആർ(ലിറ്റിൽ കൈറ്റ്)
മുഹമ്മദ് റിയാൻ.കെ.ജെ(ലിറ്റിൽ കൈറ്റ്)
ലിറ്റിൽ കൈറ്റ്സ് - സെന്റ് ജോർജ് എച്ച് എസ് ഇടപ്പള്ളി

# ആമുഖം

പ്രിയപ്പെട്ടവരെ,

പുതിയതിനോട് ആഭിമുഖ്യങ്ങൾ ഏറ്റവും കൂടുതലായി കാണുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. പല തീരുമാനങ്ങളും നിലപാടുകളും മാധ്യമങ്ങളെ അശ്രയിച്ചാണ് നാമിന്ന് കൈക്കൊള്ളുന്നത്. അത്ഭുതാവഹമായ സാങ്കേതിക കണ്ടുപിടിത്തങ്ങൾ ഇന്ന് മനുഷ്യന്റെ വിരൽത്തുമ്പിൽ അമ്മാനമാടുകയാണ്. ഇവിടെയാണ് ഡിജിറ്റൽ യുഗത്തിന് ആരംഭം. ഡിജിറ്റൽ യുഗത്തിൽ ഒരു വിസ്ഫോടനം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ശാസ്ത്രലോകത്തെ എത്രമാത്രം ഉയർത്താൻ സാധിക്കുമോ അത്രമാത്രം ഉയർത്തപ്പെട്ടിരിക്കുന്നു. ഇതിലേ നന്മകളെ കാണുവാനും തിന്മകളെ ചെറുക്കുവാനും നമ്മുടെ പുതിയ തലമുറയ്ക്ക് സാധിക്കണം. നവ മാധ്യമങ്ങളെ മാറ്റി നിർത്തിക്കൊണ്ടുള്ള ഒരു ലോകത്തെക്കുറിച്ച് നമുക്ക് ഇന്ന് ചിന്തിക്കുവാൻ സാധിക്കയില്ല. മാധ്യമങ്ങളുടെ വസ്തുതാരപരമായ കാര്യങ്ങൾ ബോധ്യപ്പെടുത്തി സ്നേഹബന്ധങ്ങളെ വളർത്തുന്ന രീതിയിൽ നവമാധ്യമങ്ങളെ ഉപയോഗിക്കാൻ ഇന്നത്തെ തലമുറയ്ക്ക് സാധിക്കണം. നമ്മുടെ വിദ്യാലയങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം ഇതിനുപിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുകയും അവർക്ക് നന്മകൾ നേരുകയും ചെയ്യുന്നു.

# ആശംസ

അത്യാധുനിക സാങ്കേതിക വിദ്യകളാൽ ഒരു 'ഗ്രാമഗോളമായി' ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലെ വിസ്മയകരമായ മാറ്റങ്ങളിൽ പങ്കാളികളാകുവാൻ ഭാഗ്യം ലഭിച്ച തലമുറയാണ് ഇന്നിന്റേത്. എന്തിനും ഏതിനുമുള്ള അന്വേഷണത്തിന്റെ ഒറ്റക്ലിക്കിൽ, എല്ലാം കൺമുന്നിൽ എത്താൻ മാത്രം വളർന്നു കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയുടെ വളർച്ചയിൽ ഭാഗഭാക്കായി തങ്ങളുടേതായ ഭാഗം നിറവേറ്റുവാൻ അത്യുത്സാഹം കാട്ടുന്ന നമ്മുടെ ജോർജിയൻ 'ലിറ്റിൽ കൈറ്റ്സി'ന് എല്ലാ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു. വരകളും വരികളും മായിക പ്രപഞ്ചം സൃഷ്ടിച്ച് ജിജ്ഞാസയുടെ പുതിയ ലോകങ്ങളിലേക്ക്, അന്വേഷണങ്ങളുടെ പുതിയ പന്ഥാവിലേക്ക് കടക്കാൻ നിങ്ങൾക്ക് കഴിയട്ടെ.സാങ്കേതികതയുടെ പുതുവഴികളിൽ സഞ്ചരിക്കുമ്പോഴും, അക്ഷരങ്ങളുടെ അടിത്തറയും, അറിവിന്റെ ആഴഖനിയുമായ പുസ്തക ലോകം നിങ്ങളെ പ്രബുദ്ധരാക്കുകയും ഖനനം ചെയ്തെടുക്കുന്ന അറിവിന്റെ പുതിയ സൂത്രവാക്യങ്ങൾ സാങ്കേതിക വിദ്യയുടെ പുത്തൻ സംരംഭങ്ങളിലേക്ക് നിങ്ങളെ എത്തിക്കുകയും ചെയ്യട്ടെ.

**(ഫാ. കുര്യാക്കോസ് ഇരവിമംഗലം (മാനേജർ)**


# ആശംസ

വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, മാറ്റങ്ങളെ ഉൾക്കൊണ്ട് മുഖഛായ മാറ്റുകയാണ് കേരളത്തിലെ വിദ്യഭ്യാസം. സർക്കാരിന്റെ പിന്തുണയോടെ പൊതു വിദ്യഭ്യാസ വകുപ്പ് വിദ്യാത്ഥികളിലെ സാങ്കേതിക പരിജ്ഞാനത്തെ പുഷ്ടിപ്പെടുത്താൻ ഉതകുന്ന ഹൈടെക് ക്ലാസ് മുറികളും മറ്റും സജ്ജമാക്കാനായി ഉത്സാഹിച്ചത് വിദ്യാർത്ഥികൾക്ക് പ്രയോജനകരമായിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ അദ്ധ്യായനം നടത്തുന്ന സാധാരണക്കാരായ വിദ്യാർത്ഥികളെ സമൂഹത്തിലെ മാറ്റങ്ങൾക്കും നേട്ടങ്ങൾക്കും ഒപ്പമെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) രൂപപ്പെടുത്തിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ.ടി.കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ ഒരു പ്രധാന പ്രവർത്തനം എന്ന നിലയിൽ തയ്യാറാക്കുന്ന 'കുഞ്ഞാറ്റകൾ' എന്ന ഈ മാഗസിൻ കൈറ്റ് അംഗങ്ങളുടെ ആത്മാർത്ഥമായ അദ്ധ്വാനത്തിന്റെ ഫലമാണ്. ലിറ്റിൽ കൈറ്റ്സിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ ഫല പ്രദവും വിജയകരവുമായിത്തീരട്ടെ .

ബെന്നി പി.ജെ.(ഹെഡ് മാസ്റ്റർ)



pxleyes.com





# കൂട്ടുകാരൻ

കൂട്ടുകൂടാനായെന്റെ
കൂട്ടു തേടിയണഞ്ഞൊരു
കുഞ്ഞാറ്റക്കിളി......
കാറ്റിനോട്ടു കഥ മെനഞ്ഞും
കടലിനോട്ടു കളി പറഞ്ഞും
കാടായ കാടെല്ലാം ,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചിച്ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാ ,മെന്റെ
കരളിന്റെ കരളായ
കളിക്കൂട്ടുകാരൻ......


Conserve fuel.
fuel

ലേഖനം

## കേരളം കുതിക്കുന്നു


എന്നും ഉണരുമ്പോൾ ഞാൻ കേൾക്കുന്നത് കുയിലിന്റെ നാദവും അപ്പുറത്തെ വീട്ടിലെ പാട്ടിന്റെ ഒച്ചയുമാണ്. എന്നാൽ ഇന്ന് കേട്ടത് ആളുകളുടെ നിലവിളിയും ദീർഘനിശ്വാസവുമാണ് . കേരളം അനുഭവിച്ച ദുരന്തം, മലയാളികൾ കണ്ണീർ വിഴ്ത്തിയ ദിവസം, ജാതിമതവർഗ്ഗങ്ങൾ നോക്കാതെ രക്ഷിച്ച ദിവസങ്ങൾ . ഒന്നും ഒരിക്കലും മലയാളികൾ മറക്കില്ല.

കേരളം വികസനത്തിന്റെ ഏറ്റവും വലിയ പ്രതീക്ഷകൾ കണ്ടുതുടങ്ങിയ നാളുകൾ. എല്ലാം നശിച്ചു . ദൈവം മനുഷ്യന്റെ ചില തെറ്റുകൾക്ക് തന്ന ശിക്ഷ എന്ന് ഒരു വശവും, ജാതി മതങ്ങൾക്ക് ഇവിടെ പ്രാധാന്യമില്ല, മനുഷ്യൻ ഒന്നാണ് എന്ന് മനസ്സിലാക്കിയ ദിവസം. എന്തോ ദൈവത്തിന്റെ സ്വന്തം നാട് ദൈവത്തിന്റെ കരങ്ങളിൽ തന്നെ തുടരുകയാണ്.

പുതിയ കേരളം ഒരു മലയാളി എന്ന നിലയിൽ ഞാൻ എന്നും കണ്ടിരുന്നത്, തോൽവിയിൽ നിന്ന് കയറുന്നവരെയാണ് . എത്ര വട്ടം വലനെയ്ത് പരാജയപ്പെട്ടിട്ടും ശ്രമം തുടർന്ന് വിജയിച്ച എട്ടുകാലിയെ പോലെയാണ് കേരളം . അതിജീവനത്തിന്റെ പാതയിൽ തിരിച്ചുവരുകയും ചെയ്യും . പ്രളയത്തിന്റെ വിവിധ ദുരന്തങ്ങളിൽ നിന്ന് കരകയറാനുണ്ട്. നാട്ടുകൾ നന്നാകാനുണ്ട്. നവകേരളത്തിന്റെ വാഗ്ദാനമാണ് പുതിയ തലമുറ.

# പാമ്പും തവളയും


കഥ



ഒരു കിണറ്റിൽ ധാരാളം തവളകൾ ഉണ്ടായിരുന്നു. അവരുടെ രാജാവ് ഒരു മണ്ടനായിരുന്നു. തവളകൾ പരസ്പരം രാജാവിനെ കുറ്റം പറയുമായിരുന്നു. രാജാവിന് ഇതു ഇഷ്ടപെട്ടില്ല. ഒരു ദിവസം രാജാവ് കിണറ് വിട്ട് പുറത്ത് പോയി തന്റെ ശത്രുക്കളെ എങ്ങനെ നശിപ്പിക്കും എന്നോർത്ത് നടക്കുകയാണ് രാജാവ്. അപ്പോൾ രാജാവ് ഒരു ചെറിയ കരിമൂർക്കൻ പാമ്പിനെ കണ്ടു രാജാവ് അദ്ദേഹത്തിന്റെ ദുഃഖം പറഞ്ഞു. മൂർഖനെ തന്റെ മുതുകത്തു ചുമന്ന് കിണറ്റിലേക്ക് പോയി. തന്റെ ശത്രുക്കളെ എല്ലാം മൂർഖൻ തിന്നു. രാജാവിനു സന്തോഷമായി ഇനി കിണറ്റിൽ രാജാവും കുടുംബവും മാത്രമുള്ളൂ. മൂർഖൻ വലുതായി വിശപ്പ് സഹിക്കാതെ മൂർഖൻ തവള രാജാവിനെയും കുടുംബത്തെയും പിടിച്ചു തിന്നു.

താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു.

ലിറ്റിൽ കൈറ്റ്സ് - സെന്റ് ജോർജ്ജ് എച്ച് എസ് ഇടപ്പള്ളി


SAVE Fuel FOR NEXT GENERATION

## സുദിനം

ആർത്തലച്ചിരമ്പുന്ന വെള്ളത്തിനും
ആർത്തനാദങ്ങൾക്കുമപ്പുറം
സർവ്വവും നഷ്ടമായെങ്കിലുമെന്നു
സർവ്വവും നഷ്ടമായിതീർന്ന നല്ല മനസ്സുകളും

നന്മകൾ നിറഞ്ഞ മലയാളികൾക്കും
നന്മതൻ പ്രവൃത്തികളും
കേരളത്തെ ചമക്കാം വയലിനായി
കേരനിറഞ്ഞ നാടും ഒരുങ്ങീടും വരെ

ഉള്ളവനും ഇല്ലാത്തവനും കൈകോർത്തു
ഉള്ളതെല്ലാം പങ്കുവയ്ക്കുമീ
നല്ല സുദിനത്തിനായ് നിരക്കുമീ
ഒരു, നല്ല നാളേയ്ക്കായ് കൈകൂപ്പീടുന്നു

ലിറ്റിൽ കൈറ്റ്സ് സെന്റ് ജോർജ്ജ് എച്ച് എസ് ഇടപ്പള്ളി

# കണക്കിലെ കളികൾ

1. ഒരു മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള ഉണിക്ക് 30 രൂപയാണ് വില . എങ്കിൽ 2 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള ഉണിക്ക് എന്ത് വില വരും?

2. A യ്ക്ക് B യുടെതിനെക്കാൾ 25 ശതമാനം ശമ്പളം B യുടെ കൂടുതലുണ്ട് .എങ്കിൽ B യുടെ ശമ്പളം A യുടെതിനെക്കാൾ എത്ര ശതമാനം കുറവായിരിക്കും?

3. 0 മുതൽ 9 വരെയുള്ള അക്കങ്ങൾ ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് 100 ഉണ്ടാകുന്നതെങ്ങനെ ? ഭിന്നസംഖ്യകൾ ഉപയോഗിക്കാൻ പാടില്ല . ചിഹ്നം ഏതുമാകാം.

4. 5 ഒമ്പതുകൾ കൊണ്ട് 10 ഉണ്ടാക്കുന്നതെങ്ങനെയാണ് ? സംഖ്യകൾ ഉപയോഗിക്കാം . ദശാംശം പാടില്ല.

5. 0 മുതൽ 99 വരെയുള്ള സംഖ്യകൾ കണക്കിലെടുത്താൽ ഏറ്റവും കുറച്ച് തവണ ആവർത്തിക്കുന്ന അക്കമേത് ?

6. 1 മുതൽ 1 കോടി വരെയുള്ള സംഖ്യകൾ ഒന്നിനു താഴെ ഒന്നായി എഴുതാൻ എത്ര നീളമുള്ള കടലാസ് വേണ്ടി വരും ?

7. ഒരു അച്ഛന്റെയും മകന്റെയും ഇപ്പോഴത്തെ വയസ്സുകളുടെ തുക 48 . പത്തു വർഷം മുമ്പുള്ള അവരുടെ വയസ്സുകളുടെ തുകയെത്ര?

## ഉത്തരങ്ങൾ

1. 120 രൂപ

2.20%

3. a) 0+1+2+3+5+6+7+(8x9)=100

b) 0+123-45-67+89 =100

4. 9+99/99 = 9+1 =10

5. പൂജ്യം

6. 688 കി.മി യിൽ അധികം വരും

7.28




PRASOB·P
XB


# ചതിയൻ ചങ്ങാതി

കഥ



ഒരിടത്ത് രണ്ട് കൂട്ടുകാരുണ്ടായിരുന്നു കേശുവും ശങ്കരനും. കേശു ഒരു പാവം കർഷകനാണ്,ശങ്കരൻ ഒരു കറവക്കാരനും. ഒരിക്കൽ ശങ്കരൻ ഒരു പശുവിനെ വാങ്ങാൻ കേശുവിന്റെ കൈയ്യിൽ നിന്നും അയ്യായിരം രൂപ വാങ്ങി. കുറെ നാളുകൾ കഴിഞ്ഞിട്ടും ശങ്കരൻ കേശുവിന് പണം കൊടുത്തില്ല പിന്നീട് രണ്ടുപേരും കൂടി ചന്തയിൽ പോയി ശങ്കരൻ ഒരു വയസ്സൻ പശുവിനെ വിറ്റ് അതിൽ നിന്നും നല്ല ലാഭം കിട്ടി. അപ്പോൾ കേശു തന്റെ പണം തിരികെ ചോദിച്ചു. അപ്പോൾ ശങ്കരൻ പറഞ്ഞു: "എനിക്ക് കാളയെ വാങ്ങിക്കണം", കേശുവിന് മനസ്സിലായി തനിക്കു പണം തിരികെ തരില്ല എന്ന്. അവർ തിരിച്ച് നാട്ടിലേക്ക് നടന്നു. ഒരു കാട് അവർക്ക് കടക്കേണ്ടതായി വന്നു. അപ്പോളാണ് സംഘം കൊള്ളക്കാർ വന്നു. അപ്പോൾ ശങ്കരൻ പറഞ്ഞു: "ചങ്ങാതി ഞാൻ തരാൻ ഉള്ള അയ്യായിരം രൂപ ഇതാ ഇതിൽ രണ്ടായിരം രൂപ കൂടുതൽ ഉണ്ട്, അത് എനിക്ക് പിന്നെ തന്നാൽ മതി". കേശു എന്തെങ്കിലും പറയുന്നതിനു മുമ്പ് ശങ്കരൻ കേശുവിന്റെ കൈയിൽ വെച്ചു കൊടുത്തു. അപ്പോൾ തന്നെ കൊള്ളക്കാർ അടുത്തെത്തി. കൊള്ളക്കാരുടെ തലവൻ കേശവിനോട് ചോദിച്ചു: "കൈയിൽ എന്താണ്". പണ്ടുതന്ന പൈസയുടെ കണക്കാണ്. എനിക്ക് ഇപ്പോളാണ് തന്നത്. കേശു പറഞ്ഞു: "ഇപ്പോഴാണോ കടം വീട്ടുന്നത്". അത് എത്ര രൂപയുണ്ട്. കൊള്ളക്കാരൻ ചോദിച്ചു.എഴായ്യം രൂപ. കേശു മറുപടി നൽകി. എത്ര രൂപ തരാൻ ഉണ്ടായിരുന്നു. കൊള്ളക്കാർ ചോദിച്ചു. അയ്യായിരം രൂപ. കേശു പറഞ്ഞു. എങ്കിൽ രണ്ടയിരം രൂപ തിരിച്ചു കൊടുക്കു. കേശു ശങ്കരന്റെ കൈയ്യിലെക്ക് രണ്ടായിരം രൂപ തിരികെ കൊടുത്തപ്പോൾ കൊള്ളത്തലവൻ ശങ്കരന്റെ കൈയിൽ നിന്ന് തട്ടിപ്പറിച്ചു മേടിച്ചു. തൽകാലം ഇതു മതി. "ചങ്ങാതിയെ ചതിക്കുന്നവന് ദോഷമേ വരൂ."

ലിറ്റിൽ കൈറ്റ്സ് സെന്റ് ജോർജ്ജ് എച്ച് എസ് ഇടപ്പള്ളി








# ദുഃഖത്തിൽ പുഞ്ചിരിക്കുന്ന അമ്മ

അമ്മതൻ പുഞ്ചിരി മകനേകുന്നു പുതുജീവൻ
അമ്മയാണ് അമ്മ
തന്റെ ഉണ്ണിയെ പോറ്റാനായി
അലഞ്ഞുനടക്കുന്നോരമ്മ

അച്ഛനില്ലാത്ത ദുഃഖം പോലും
മക്കളെയറിയിക്കാതെ വളർത്തുന്നോരമ്മ
അമ്മതൻ നൊമ്പരം മനസ്സിലടക്കി
മക്കൾക്കായ് പുഞ്ചിരി തൂകുന്നോരമ്മ
അമ്മയാണ് അമ്മ ....

അഭയ് സരസൻ



കുഞ്ഞാറ്റകൾ 2018 - 19

# ലോകപ്രസിദ്ധ മഹദ്വചനങ്ങൾ

* സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായതുകൊണ്ട് സമുദ്രജലം മുഴുവൻ മലിനമാകുന്നില്ല മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്. -ഗാന്ധിജി

*പിഞ്ചുകുഞ്ഞിന്റെ നിഷ്കളങ്കതയും പ്രഭാതപുഷ്പത്തിന്റെ നൈർമ്മല്യവും, അത്രത്തോളം ആസ്വാദകരമായി മറ്റൊന്നില്ല. -നെഹ്റു

*ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.
യേശുക്രിസ്തു

*നിന്റെ നന്മ നിന്നെ സന്തോഷിപ്പിക്കുകയും തിന്മ നിന്നെ വ്യസനിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ നീ സത്യവിശ്വാസിയാകുന്നു.
-മുഹമ്മദ് നബി

*വിരക്തനായ ജ്ഞാനിയും നിരപേക്ഷനായ ഭക്തനും കർമ്മകുശലനെങ്കിലും മൂഢനേപ്പോലെ നടക്കും -ഭഗവത്ഗീത

*വിജയിയാകുവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലതാണ് വിലയുള്ളവനാകാൻ ശ്രമിക്കുന്നത്. -ഐൻസ്റ്റിൻ

*നല്ല ഭവനങ്ങൾക്കേ നല്ല രാജ്യം സൃഷ്ടിക്കുവാൻ സാധിക്കൂ.
-ജെ ക്രുക്ക്

*ചെയ്യാവുന്നതിൽ നല്ലതു ചെയ്യുക- നാളെ അതിലും മെച്ചമായതു ചെയ്യാം.
-സർ ഐസക്ക് ന്യൂട്ടൻ

*മതത്തിന്റെ കാതൽ കാരുണ്യവും ഭയവുമാണ്.

-ഗുരുനാനാക്ക്

ലിറ്റിൽ കൈറ്റ്സ് - സെന്റ് ജോർജ്ജ് എച്ച് എസ് ഇടപ്പള്ളി

# ദൈവത്തിൻ സ്വന്തം നാടേ ...



ദൈവത്തിൻ സ്വന്തം നാടേ..
തളരരുത്
പോരാടണം നമുക്ക്
നല്ലൊരു നാടിനായി..
മാവേലി നാടുവാണപോൽ
കള്ളവുമില്ല ചതിയുമില്ലാതെ
ജീവിക്കാം.. നമുക്കൊന്നായ്..
ഒന്നായി പോരാടാം
കേരളത്തിൻ നന്മക്കായ്
ജീവിക്കും നാം...
സുന്ദര കേരളത്തിൽ
ലോകമറിയും
നവ കേരളം സുന്ദര കേരളം

ആൽഫിൻ പി എസ്
IX B




Vishnu. M
X A

കുഞ്ഞാറ്റകൾ 2018 - 19

# കണ്ണീരിന്റെ സ്വപ്നങ്ങൾ



കണ്ണീർ, മനസ്സിന്റെ മനം ഉള്ളന്നും

എൻ നാട്ടിൽ മഹത്വം ജലമായാലും

മണ്ണായാലും എൻ കണ്ണീർ സ്വപ്ന-

ങ്ങളിൽ ഒന്നു നീ മാത്രം

തേൻമാവിൻ ചുവട്ടിൽ

ഒഴുകും പുഴയെ നിൻ

സൗന്ദര്യം എവിടെപ്പോയി ?

വിരിഞ്ഞു നിൽക്കും പൂവേ

നിന്റെ സൗന്ദര്യം എവിടെ -

പോയി ? എന്റെ ഭയാനക

സ്വപ്നങ്ങളിൽ നീ ഒന്നു മാത്രമായി.

നിസാം എൻ

# പഴഞ്ചൊല്ലുകൾ

1. അണ്ണാറക്കണ്ണനും തന്നാലായത് !
2. അണ്ടിയോടു അടുത്താലെ മാങ്ങയുടെ പുളി അറിയൂ !
3. അണ്ണാൻ കുഞ്ഞിനെ മരം കയറ്റാൻ പഠിപ്പിക്കേണ്ട !
4. അരിയും തിന്ന് ആശാരിച്ചിയേം കടിച്ച ,പിന്നേയും നായയ്ക്ക് മുറുമുറുപ്പ് !
5. അൽപ്പന് ഐശ്വര്യം വന്നാൽ,അർദ്ധരാത്രിയിലും കുട പിടിക്കും !
6. ആട് കിടന്നിടത്തു പൂട പോലും ഇല്ല !
7. ആന കൊടുത്താലും ആശ കൊടുക്കരുത് !
8. ആന വായിൽ അമ്പഴങ്ങാ.
9. ആനപ്പുറത്ത് ഇരുന്നാൽ പട്ടിയെ പേടിക്കണ്ട !
10. ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാൻ ഒക്കില്ല !
11. ആനയ്ക്കുണ്ടോ ആനയുടെ വലിപ്പം അറിയുന്നു !
12. ആറ്റിൽ ഇറങ്ങിയവനെ ആഴം അറിയൂ !
13. ആരംഭ ശൂരത്വം !
14. ആനക്കാര്യം പറയുമ്പോളാണോ ചേനക്കാര്യം?
15. ആവശ്യക്കാരന് ഔചിത്യം പാടില്ല!
16. ഒരുമയുണ്ടേൽ ഉലക്കമേലും കിടക്കാം!
17. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് ,അല്ലെങ്കിൽ കളരിക്ക് പുറത്ത് !
18. ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ,വരുന്നവരെല്ലാം അവനെന്നു തോന്നും !
19. ഓടുന്ന പട്ടിക്ക് ഒരു മുഴം മുന്നേ !
20. ഓണം വന്നാലും ഉണ്ണി പിറന്നാലും,കോരന് കഞ്ഞി കുമ്പിളിൽത്തന്നെ !

# ഹരിതകേരളം

വെള്ളം നിറഞ്ഞോരു കേരളനാടിതാ
പച്ച പുതപ്പപോൽ ഒത്തുകൂട്ടം
ആളുകൾ എല്ലാരും സൗഹൃദം
കൊണ്ടതാ, ഒത്തുകൂടി
പച്ച നിറയുന്നൂ... പാടം നിറയുന്നു...
പൂവുകൾ വിരിയുന്നു... വൃക്ഷം വളരുന്നു...
ആളുകൾ ഒന്നിച്ച് വൃക്ഷം വളർത്തുന്നു
കേരളം പച്ചയായ് തിങ്ങിനിന്നു
ആളുകൾ കൂടുന്നു സ്നേഹം വിതറുന്നു
സാഹോദര്യം കത്തിജ്വലിക്കുന്നു
അളുകൾ ഒന്നിച്ച് പാഠം പഠിച്ചിതാ
ദൈവത്തിൻ സ്വന്തം നടേ,
ദൈവത്തിൻ സ്വന്തം നടേ...

# പ്രകൃതി എന്റെ അമ്മ

കൂട്ടുകാരെ, പ്രകൃതി നമ്മുടെ അമ്മയക്ക് തുല്യമാണ് . അമ്മയെ പരിപാലിക്കുന്നതുപോലെ പ്രകൃതിയെ നാം പരിപലിക്കണം. ഓരോ മാതാപിതാക്കൾ അവരവരുടെ മക്കളെ വലിയ ജോലികളിൽ ഏർപ്പെടുത്തി കൊടുക്കണം എന്നതാണ് അവരുടെ ലക്ഷ്യം. എല്ലാവരും വലിയ ജോലികളിൽ ഏർപ്പെടുമ്പോൾ പ്രകൃതിയെ സംരക്ഷിക്കാൻ ആരാണ് ഈ ലോകത്തുണ്ടാവുക. എന്തു ജോലിയാണെങ്കിലും അരമണിക്കൂറെങ്കിലും നാം പ്രകൃതിയോട് ചെലവഴിക്കണം. ഇപ്പോഴത്തെ ആളുകൾ അവരവരുടെ ഭംഗി വർദ്ധിപ്പിക്കാനല്ലാതെ പ്രകൃതിയെ നോക്കുന്നപോലുമില്ല . അമ്മയെ നാം എങ്ങനെ പരിപാലിക്കുന്നുവോ അതുപോലെ നാം പ്രകൃതിയെ പരിപാലിക്കണം . പണ്ടത്തെ കുട്ടികൾ അവരവരുടെ നല്ല പാഠങ്ങളും നല്ല ശീലങ്ങളും പഠിച്ചെടുത്തത് പ്രകൃതിയിലൂടെയാണ് . എന്നാൽ ഇന്ന് കാലം മാറി കൂടെ തൊഴിലും, കുട്ടികളും, ഇന്റർനെറ്റ് - സോഷ്യൽ മീഡിയവന്നതോടെ കുട്ടികളാരും ഇന്ന് പുറത്തിറങ്ങാതെയായി . അത് അവരുടെ ശരീരത്തെ വല്ലാതെ വിശ്രമിപ്പിക്കുന്നു . പാടത്തു പണിയെടുക്കുന്നവർ, കളിക്കുന്ന കുട്ടികൾ, മരക്കൊമ്പിൽ നിന്ന് കിളികളുടെ മനോഹാരമായ ശബ്ദങ്ങൾ, പ്രകൃതിയിലെ കാറ്റത്താടുന്ന പൂച്ചെടികൾ, രാവിലെ കിട്ടുന്ന തളിർക്കാറ്റ്, മരങ്ങളിൽ നിന്ന് കിട്ടുന്ന ഫലങ്ങൾ ഇതൊക്കെ നമ്മുക്ക് പകർന്നുതരുന്നത് പ്രകൃതിയാണ്. എന്നും നമ്മുക്ക് പാഠങ്ങൾ പകർന്നു തരുന്നതും പ്രകൃതികൾ തന്നെ, എന്നിട്ടും എന്തിനാണ് നാം പ്രകൃതിയാം അമ്മയെ വേദനിപ്പിക്കുന്നത് ?

ഹനാൻ ഹംസ



Aswanath M S 10 A




# അവസാന നിലവിളി

## കഥ

അന്ന അതായിരുന്നു അവളുടെ പേര്. മക്കൾ രണ്ട് പേരും ഭാര്യമാരുടെ വാക്ക് കേട്ട് വീട് മാറി. ഭർത്താവാണെങ്കിൽ ഒരു വാഹനാപകടത്തിൽ തളർന്ന് കിടക്കുകയാണ് ഇതൊക്കെയാണ് ദൈവം അവൾക്ക് കൊടുത്ത സമ്പാദ്യങ്ങൾ. ആഗസ്റ്റ് 15 അന്ന് രാത്രി അവൾ കഞ്ഞി കുടിക്കുകയായിരുന്നു. ദാരിദ്ര്യം കഷ്ടപ്പാടുകളാണെങ്കിലും ആ ഉണ്ടായിരുന്ന കഞ്ഞി അവൾ സന്തോഷത്തോടെ കുടിച്ചിരുന്നു . കിടക്കയിൽ കിടക്കുന്ന ഭർത്താവിനെ പുതപ്പിച്ച്. അവൾ താഴെ പുൽപായ വിരിച്ച് കിടന്നു. അപ്പോഴും അവളക്കറിയില്ലായിരുന്നു, വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ച്. അവർ ഉറക്കത്തിലായിരുന്നു. മറ്റുള്ള വീടുകളെ അപേക്ഷിച്ച് അവരുടെ വീടിന്റെ തറ ആൽപ്പം പൊക്കിയിരുന്നു. രാത്രി ഒരു12 മണിയായിക്കാണണം കിടക്കുന്നിടത്ത് നനവ് തോന്നി അവൾ ഞെട്ടി എഴുന്നേറ്റു. ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ അവൾ കണ്ടത് എല്ലാ വീടുകളെയും കൂടുതൽ തറപൊക്കമുള്ള തന്റെ വീടിന്റെ തറയെയും കടന്ന് വെള്ളം തള്ളി കയറുകയാണ് . കുറച്ച് മുമ്പ് വരെ അവൾക്ക് അറിയില്ലായിരുന്നു ഡാമുകൾ തുറന്നതും, പുഴകൾ കവിഞ്ഞതും . അവൾ ഒരു നിമിഷം നിശ്ചലയായി. ഒരു സഹായത്തിനായി അവളുടെ കണ്ണുകൾ ചുറ്റും പരതി . എന്നാൽ തന്നെക്കാൾ മുന്നേ ദുരന്തമറിഞ്ഞ് ആളുകൾ നേരത്തേ പോയിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു അതോടൊപ്പം വീട്ടിലേക്ക് വെള്ളവും. പക്ഷേ അവൾ തന്നെക്കാൾ ഭാരമുള്ള തന്റെ ഭർത്താവിനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അത് പരാജയപ്പെട്ടു.




വെള്ളം പയ്യേ പയ്യേ ഭർത്താവ് കിടക്കുന്ന കട്ടിലിന് സമാസമം എത്തിയിരിക്കുന്നു. അവൾ പുറത്തിറങ്ങി നിലവിച്ചു. എന്നാൽ അത് കേൾക്കാൻ അവിടെ ആരും തന്നെ ഉണ്ടായിരുന്നില്ല.

പയ്യേ പയ്യേ വെള്ളം തൊട്ട് തൊട്ട് കയറുകയായി. അവൾ കരഞ്ഞുകൊണ്ട് പലവട്ടം ഭർത്താവിനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അതൊന്നും നടന്നില്ല. പയ്യേ ആ വെള്ളം ഭർത്താവിനെ വിഴുങ്ങിക്കൊണ്ടിരുന്നു. നനഞ്ഞ കണ്ണുകളുമായി അയാൾ അവളോട് ചോതിച്ചു. ''നിനക്ക് എന്നെ രക്ഷിക്കാൻ സാധിക്കുമോ.... വേണ്ടാ.... നീ എന്നെ നോക്കണ്ടാ. നീ എങ്ങനെയെങ്കിലും രക്ഷപ്പെട്ടോളൂ....'' അവൾ ഭർത്താവിന്റെ കൈയിൽ പിടിച്ചുകൊണ്ട് പറഞ്ഞു, ''മരിക്കുന്നെങ്കിൽ നമ്മുക്ക് ഒന്നിച്ച് മരിക്കാം....'' അപ്പോഴേക്കും വെള്ളം അയാളുടെ മുഖത്തിനോടൊപ്പം എത്തിയിരുന്നു, അത് കഴിഞ്ഞ് മൂക്ക് വരെ. അയാൾ പ്രാണവായുവിന് വേണ്ടി പിടഞ്ഞു. അവൾ രക്ഷിക്കാനായി പലതും ചെയ്തു. എന്നാൽ ഒന്നും നടന്നില്ല. അൽപം കഴിഞ്ഞ് ''അന്ന.....എന്ന അവസാന നിലവിളിയിൽ'' അദ്ദേഹത്തിന്റെ ശരീരം വിട്ട് ആത്മാവ് മറ്റെങ്ങോ പൊയി. അവിടെ ആകെ ഒരു നിശബ്ദത. ഒരു തണുത്തുറഞ്ഞ ശിലയെ പോലെ അവൾ അനങ്ങാതെയിരുന്നു. തന്റെ ഭർത്താവിന്റെ ജീവനെടുത്ത വെള്ളം തന്റെയും ജീവനെടുക്കട്ടെ എന്ന് മനസ്സിൽ കരുതിക്കൊണ്ട് അവൾ ആ കിടക്കയിൽ ഇരുന്നു. താൻ മരിക്കാൻ തയ്യാറായികഴിഞ്ഞു. വെള്ളം നെഞ്ച് വരെയെത്തി. അപ്പോഴേക്കും ആരൊക്കെയോ വാതിൽ തല്ലിപ്പൊളിച്ച് ഉള്ളിലേക്ക് വന്ന് ബലം പ്രയോഗിച്ച് എന്നെ അവർ വഞ്ചിയിലേക്ക് കയറ്റി. പുറകെ എന്റെ ഭർത്താവിന്റെ മൃതദേഹവും, വെള്ളപ്പൊക്കത്തിന്റെയും ദുരിതമനുഭവിക്കുന്ന കേരളജനതയുടെ അതിജീവനത്തിന്റെ ഈ നല്ല നാളുകളിൽ ''അന്ന'' ഇന്നും ജീവിക്കുന്നു...



കവിത

## മായാത്ത സ്വപ്നങ്ങൾ

രക്ത പുഴകൾ ഒഴുകുന്ന നെഞ്ചിൽ
കൂരിരുട്ടുകൊണ്ട് കാണാത്ത കൺകൾ
വിട്ടുപിരിയാ,മനസ്സിൽ ഒട്ടിയിരിക്കുന്ന
ഒരു ഭയാനക സ്വപ്നമാണ് നീ

കണ്ണീരുകാണും ദൈവമേ നീ
എന്തുകൊണ്ട് എന്റെ ജീവിതം
കരിയില പോലെയാക്കി നീ
എന്റെ മനസ്സിലെ കൊച്ചുനൊ
മ്പരം പോലും സൗന്ദര്യമായി
മാറ്റുന്നവനല്ലോ നീ

തെറ്റും ശരിയും മനസ്സിലാക്കുന്ന
ദൈവമേ നീ ഒരു നല്ല പ്രകൃതി
എനിക്കായി നിർമിച്ച തരുകയില്ലേ.... ?

പ്രണവ് പി.പി

കുഞ്ഞാറ്റകൾ 2018 - 19

# കുട്ടിപട്ടങ്ങൾ



നിസാം
ഹനാൻ
റിയാൻ
ജവാദ്
അരുൾ
അബിനവ്
സാഹിൽ
തോമസ്കുട്ടി
അമൽ
തോമസ്
യാസിർ
ദീതിത്ത്
അൽത്താഫ്
സൻജയ്
ഇർഫാൻ
അജയ്
അഭിജിത്ത്
നീരജ്
നിഹാൽ
യാസിൻ
ശ്രീജിത്ത്
ജിബിൻ
ആദിൽ
മുത്തു
ആരോമൽ
അമീൻ

ലിറ്റിൽ കൈറ്റ്സ് - സെന്റ് ജോർജ്ജ് എച്ച് എസ് ഇടപ്പള്ളി


Thank You!